## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1159** **12.06.2014- ൽ മറുപടിക്ക്**

### വരൾച്ചാദുരിതാശ്വാസത്തിന്റെ വിതരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.കെ ജയചന്ദ്രൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | കഴിഞ്ഞ വർഷത്തെ കൊടുംവരൾച്ച നേരിടുന്നതിന് എത്ര തുകയുടെ കേന്ദ്ര സഹായമാണ് ആവശ്യപ്പെട്ടിരുന്നത്; കേന്ദ്ര സർക്കാർ അനുവദിച്ച തുക എത്ര; ലഭിച്ച തുക എത്ര; | (എ) | 2012-13 സാമ്പത്തിക വർഷം തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് ജില്ലകളെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിൻ പ്രകാരം 1995.3878 കോടി രൂപയുടെ അധിക ധനസഹായം ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് 62.61 കോടി രൂപയുടെ അർഹത കേന്ദ്രം അംഗീകരിച്ചുവെങ്കിലും 18.31 കോടി രൂപയാണ് അനുവദിച്ചത്. സംസ്ഥാനം പൂർണ്ണമായും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 7888.0965 കോടി രൂപയുടെ അധിക കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടു കൊണ്ട് കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 107.89 കോടി രൂപയുടെ അർഹത അംഗീകരിച്ചുവെങ്കിലും മാനദണ്ഡ പ്രകാരം 61.74 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. |

(രൂപ കോടിയിൽ)

| ആവശ്യപ്പെട്ട ധനസഹായം | അംഗീകരിച്ച ധനസഹായം | ലഭിച്ച ധനസഹായം |
|---|---|---|
| 1995.3878 | 62.61 | 18.31 |
| 7888.0965 | 107.89 | 61.74 |

| | | | |
|---|---|---|---|
| (ബി) | ലഭിച്ച മുഴുവൻ തുകയും ദുരിതത്തിന് ഇരയായവർക്കും കൃഷിക്കാർക്കും വിതരണം ചെയ്തിട്ടുണ്ടോ ; | (ബി) | ചെലവഴിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായ 18.31 കോടി രൂപയിൽ 15,85,72,470/- രൂപ ഇതുവരെയായി വിതരണം ചെയ്തിട്ടുണ്ട്. 61.74 കോടി രൂപ ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകകൊള്ളിച്ചു തരുന്നതിനായി ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

(മറുപുറം)

| | | | |
|---|---|---|---|
| (സി) | തുക വിതരണം ചെയ്തതിന്റെ കണക്ക് ജില്ലാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ ? | (സി) | 2013-14 സാമ്പത്തിക വർഷം വരൾച്ച മൂലമുള്ള കൃഷിനാശത്തിനായി ജില്ലാടിസ്ഥാനത്തിൽ തുക വിതരണം ചെയ്തതിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു. |

| ജില്ല | അനുവദിച്ച തുക (രൂപ) |
|---|---|
| തിരുവനന്തപുരം | 0 |
| കൊല്ലം | 1,47,78,020 |
| പത്തനംതിട്ട | 41,78,750 |
| ആലപ്പുഴ | 0 |
| കോട്ടയം | 4,05,98,200 |
| ഇടുക്കി | 3,51,34,378 |
| എറണാകുളം | 0 |
| തൃശ്ശൂർ | 87,74,043 |
| പാലക്കാട് | 2,49,98,032 |
| മലപ്പുറം | 0 |
| കോഴിക്കോട് | 0 |
| വയനാട് | 2,98,09,757 |
| കണ്ണൂർ | 0 |
| കാസർഗോഡ് | 3,01,290 |
| ആകെ | 15,85,72,470/- |

സെക്ഷൻ ഓഫീസർ